# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2566 — 06/12/2018-ൽ മറുപടിക്ക്

## തോപ്പുംപടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് നിർമ്മാണം

| | ചോദ്യം<br><br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 11.12.2015 ൽ 80 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി കെ.എസ്. ഇ.ബി. സെക്ഷൻ ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ? | (എ) | കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി കെ.എസ്. ഇ.ബി. സെക്ഷൻ ഓഫീസിന്റെ നിർമ്മാണ പ്രവൃത്തിക്ക് 11-12-2015-ലെ G.O(RT)No.293/ 2015/PD ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയെങ്കിലും കെട്ടിടത്തിനു വേർതിരിച്ച ഭാഗത്തുകൂടി വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് ലൈനുകൾ കടന്നുപോകുന്നതിനാൽ, ആ ഭാഗം ഒഴിവാക്കി കെട്ടിടത്തിന്റെ പ്ലാൻ രൂപകൽപന ചെയ്യുകയും GFRG സാങ്കേതിക വിദ്യ ഉപയോഗിച്ച് പുതുക്കിയ പ്ലാൻ പ്രകാരം നിർമ്മിക്കുന്നതിന് ചീഫ് എഞ്ചിനീയർ (സിവിൽ) ഡാം സേഫ്റ്റിയെ ചുമതലപ്പെടുത്തുകയും ടി കെട്ടിടത്തിന്റെ നിർമ്മാണം 07-11-2017-ന് e-ടെൻഡർ മുഖേന ടെൻഡർ ചെയ്യുകയുമുണ്ടായി.<br><br>പങ്കെടുത്ത കരാറുകാരുടെ എണ്ണം കുറവായതിനാൽ വീണ്ടും ടെൻഡർ ചെയ്യുകയും തുടർനടപടിക്രമങ്ങൾ പൂർത്തിയാക്കി 18-04-2018-ന് M/s.ഹസ്സാ ആൾട്ടർനേറ്റ് ബിൽഡിംഗ് ടെക്നോളജി എന്ന കമ്പനിക്ക് വർക്ക് ഓർഡർ നൽകുകയുമുണ്ടായി.<br><br>പൈലിംഗ് വർക്ക് തുടങ്ങിയപ്പോൾ പല ഭാഗങ്ങളിലും ഭൂമിക്കടിയിൽ പഴയ കെട്ടിടത്തിന്റെ ഭാഗങ്ങളായ കോൺക്രീറ്റ് ബ്ലോക്കുകൾ കണ്ടെത്തിയതിനാൽ പൈലിംഗ് ജോലി തടസ്സപ്പെടുകയും ടി ബ്ലോക്കുകൾ ശ്രമകരമായി ചിസൽ ഉപയോഗിച്ച് പൊട്ടിച്ച് മാറ്റേണ്ടതായും വന്നു.<br><br>ആഗസ്റ്റ് മാസത്തിലെ വെള്ളപ്പൊക്കത്തെതുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടി വന്നു. |

(..2)

| | | | |
|---|---|---|---|
| | | | നിലവിൽ പൈലിംഗ് ജോലികൾ പൂർത്തിയായികഴിഞ്ഞു; പ്ലിന്ത്ബീം വാർക്കുന്നതിനുള്ള പണികൾ പൂർത്തീകരിച്ചു വരുന്നു. പ്രസ്തുത കെട്ടിടനിർമ്മാണം 2019 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ